No. CEE/2933/B.Des-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

## പത്രക്കുറിപ്പ്

## ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം–2020 ഓൺലൈൻ അപേക്ഷാസമർപ്പണ തീയതി ദീർഘിപ്പിച്ചു

തിരുവനന്തപുരത്തെ കോളേജ് ഓഫ് ആർക്കിടെക്ചർ (സ്വാശ്രയം) കോളേജിൽ 2020–21 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25.05.2020 വൈകുന്നേരം 4 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു. അപേക്ഷ സമർപ്പിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഫോട്ടോ, ഒപ്പ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച വിശദമായ വിജ്ഞാപനം മേൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന കൺഫർമേഷൻ പേജ് വിദ്യാർത്ഥി പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ടോ മറ്റ് അനുബന്ധ രേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല. നിശ്ചിത തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ തപാലിലോ, ഇ–മെയിലിലോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ സംവരണം/ആനുകൂല്യം നൽകുന്നതിന് പരിഗണിക്കുന്നതല്ല. നിർബന്ധമായും സമർപ്പിക്കേണ്ട രേഖകളും വിവരങ്ങളും അപ്‌ലോഡ് ചെയ്യാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സിലെ വ്യവസ്ഥകൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

Seetha

തിരുവനന്തപുരം
19.05.2020

**പ്രവേശന പരീക്ഷാകമ്മീഷണർ**